പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3989

27.06.2012-ൽ
മറുപടിയ്ക്കു

**മലബാർ ദേവസ്വം ബോർഡ് സ്റ്റാഫ് പാറ്റേൺ**

ചോദ്യം
ശ്രീ. റ്റി. വി. രാജേഷ്

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| (എ) മലബാർ ദേവസ്വം ബോർഡിൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിനുള്ള തടസ്സമെന്താണ്; | (എ) മലബാറിലെ ക്ഷേത്ര ഭരണം മുൻപ് സർക്കാർ വകുപ്പായ എച്ച്.ആർ ആൻറ് സി.ഇ. വകുപ്പായിരുന്നു. മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചപ്പോൾ എച്ച്.ആർ ആൻറ് സി.ഇ വകുപ്പിൽ നേരത്തെ ഉണ്ടായിരുന്ന 128 തസ്തികകൾ ബോർഡിലേയ്ക്ക് മാറ്റുകയും ഇതിൽ തുടർന്നുവരുന്ന എച്ച്.ആർ ആൻറ് സി.ഇ. ജീവനക്കാരെ ഒരു പ്രത്യേക വിഭാഗമായി വാനിഷിംഗ് കാറ്റഗറിയായി സൂപ്പർ ന്യൂമറി തസ്തികയിൽ എല്ലാ ആനുകൂല്യങ്ങളോടും കൂടി ബോർഡിൽ തുടരുവാൻ സർക്കാർ ഉത്തരവാകുകയും ചെയ്തു. മേൽ തസ്തികകളിൽ നിന്നും ജീവനക്കാർ റിട്ടയർ ചെയ്യുന്ന മുറയ്ക്ക് തസ്തികകൾ ബോർഡിലേക്ക് മാറ്റപ്പെടുമെന്നും സർക്കാർ ഉത്തരവു പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബോർഡ് നിയമനങ്ങൾ പി.എസ്.സി. ക്ക് വിടുന്ന കാര്യത്തിൽ നിയമം ഉണ്ടാക്കിയിട്ടില്ല. ബോർഡിൻേറ തായ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചുകൊണ്ട് ഉത്തരവുകളും പാസാക്കിയിട്ടില്ല. |
| (ബി) മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്മീഷണറെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) ജി.ഒ.(ആർ.റ്റി) നം.4921/2012/ജിഎഡി തീയതി 14/06/2012 ആയി മലബാർ ദേവസ്വം ബോർഡ് കമ്മീഷണറെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവിൻെറ അടിസ്ഥാനത്തിൽ കമ്മീഷണറെ നിയമിച്ചുകൊണ്ടുള്ള നിയമപരമായ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ